**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4980** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഗാർഹിക തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി സമഗ്ര നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന കൂടുതൽ വിഭാഗങ്ങളെ ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ (2008 -ലെ 33-ാം കേന്ദ്ര ആക്ട്) വ്യവസ്ഥകൾക്ക് വിധേയമായി 14 വയസ്സ് പൂർത്തീകരിക്കുകയും 59 വയസ്സ് പൂർത്തീകരിച്ചിട്ടില്ലാത്തതും, മറ്റ് ക്ഷേമ പദ്ധതികളിൽ അംഗത്വം നേടിയിട്ടില്ലാത്തതുമായ അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികൾക്കും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. |
| (ബി) | ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സമഗ്ര നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഉണ്ട്. ഗാർഹിക തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും അവർക്ക് മെച്ചപ്പെട്ട രീതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ടി തൊഴിലാളികളെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൈവറ്റ് പ്ലേസ്‌മെന്റ് ഏജൻസി മുഖേനയുള്ള ഗാർഹിക തൊഴിലാളികളുടെ നിയമനം, വേതനം,ജോലി സമയം തുടങ്ങി തൊഴിലാളികളുടെ വിവിധ അവകാശങ്ങൾ, ജോലി തർക്കങ്ങൾ, അത് പരിഹരിക്കാനുള്ള സംവിധാനം, തൊഴിലാളികൾക്കെതിരെയുള്ള ചൂഷണം തടയൽ, സാമൂഹിക സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പു വരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്‌മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ബിൽ, 2020 (കരട്) ലെ വ്യവസ്ഥകൾ പൂർണ്ണമായും, കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 14-ാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള ഡൊമസ്റ്റിക് വർക്കേഴ്സ് (റഗുലേഷൻ ആന്റ് വെൽഫെയർ) ബിൽ, 2021 (കരട്) ലെ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾ ഭാഗികമായും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ ബിൽ രൂപീകരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗം തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചൂഷണം തടയുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | ഗാർഹിക മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ നിന്നും അംഗീകൃതമല്ലാത്ത ഏജൻസികളിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും തൊഴിലാളികൾക്ക് ഉണ്ടാകുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഏകജാലക സംവിധാനവും കോൾ സെന്ററും (സഹജ കോൾ സെന്ററുകൾ) തൊഴിൽ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. മേൽ പ്രതിപാദ്യസേവനം പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യതകൾ തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗാർഹിക മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും മിനിമം വേതന നിയമപ്രകാരം കൂലി നിശ്ചയിച്ച നൽകിയിട്ടുണ്ട്. |
| (ഡി) | ഗാർഹിക തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ക്ഷേമനിധി തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി നിയമ നിർമ്മാണം നടത്തി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യം, ചികിത്സാ ആനുകൂല്യം, മരണാനന്തര ആനുകൂല്യം, ശവസംസ്കാര ചെലവുകൾ എന്നിവ പദ്ധതി അംഗങ്ങൾക്ക് അനുവദിച്ചുവരുന്നുണ്ട്. അപകട ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേക നിയമ നിർമ്മാണം നടത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ